# സാമൂഹ്യശാസ്ത്ര ക്ലബ്

2018-2019 അധ്യാപനവർഷത്തെ സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ഉദ്ഘാടനം ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് നടത്തി. പരിസ്ഥിതി ദിനം പ്രമാണിച്ച് സോഷ്യൽ സയൻസ് ക്ലബ്ബ് അംഗങ്ങളുടെ നേതൃത്വത്തിൽ റാലിയും ചിത്ര രചന മത്സരവും നടത്തി.

കുട്ടികളിൽ ചരിത്രാവബോധം സൃഷ്ടിക്കുന്നതിനായി ചരിത്രക്വിസ് ജൂലൈ 18 ന് നടത്തുകയും കുട്ടികൾ വളരെ താല്പര്യത്തോടെ പങ്കെടുക്കുകയും ചെയ്തു.

ആഗസ്റ്റ് 9-ാം തിയതി ഹിരോഷിമ നാഗസാക്കി ദിനാചരണം നടത്താൻ തീരുമാനിച്ചിരുന്നെങ്കിലും പ്രളയം മൂലം കളക്ടർ അവധി പ്രഖ്യാപ്പിച്ചിരുന്നതിനാൽ ആഗസ്റ്റ് 13 ന് വിരുദ്ധ റാലി, യുദ്ധവിരുദ്ധ പ്രതിജ്ഞ പ്രസംഗ മത്സരം തുടങ്ങിയവ സോഷ്യൽ സയൻസ് ക്ലബ്ബ് തടത്തുകയും ചെയ്തു.

പ്രളയത്തിൽ മുങ്ങിയിരുന്നെങ്കിലും സ്വാതന്ത്ര്യ ദിനത്തെക്കുറിച്ച് പ്രസംഗിക്കുകയും സോഷ്യൽ സയൻസ് അധ്യാപകർ  കുട്ടികൾക്ക് സ്വാതന്ത്ര്യദിന ക്വിസ് നടത്തുകയും ചെയ്തു. സെപ്റ്റംബർ 14 വെള്ളിയാഴ്ച്ച പത്ര വായന മത്സരം നടത്തി വിജയിയായ വിനയ സാമുവേൽ പിന്നീട് നടന്ന സബ് ജില്ല മത്സരത്തിലും ഒന്നാം സ്ഥാനം നേടി സ്കൂളിന്റെ അഭിമാനമുയർത്തി.

പ്രളയത്തിൽ വീടു നഷ്ടപ്പെട്ടവരെയും ദുരിതങ്ങൾ സഹിച്ചവരെയും  അനുസ്മരിച്ചു കൊണ്ട് ഓണാഘോഷങ്ങൾ വേണ്ട എന്നു തീരുമാനിക്കുകയും  ഓണാഘോഷത്തിനായി സ്വരുക്കൂട്ടിയ പണമുപഗയോഗിച്ച് ദൈവദാൻ സെന്റർ സന്ദർശിച്ച് അവിടുത്തെ അന്തേവാസികൾക്ക് മധുര പലപലഹാരങ്ങളും

അരിയും മറ്റു സാധനങ്ങളും ,കുട്ടികൾ ശേഖരിച്ച വസ്തുങ്ങളും നൽകി.

ഒക്ടോബർ 2 ഗാന്ധി ജയന്തിയോടനുബന്ധിച്ച് സേവന വാരമായി ആചരിക്കുകയും കുട്ടികൾ സ്കൂളും പരിസരവും ശുചിയാക്കുന്നതിൽ വളരെ ഉത്സാഹത്തോടെ പങ്കെടുക്കുകയും ചെയ്തു.

ജനുവരി 26 റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് ദേശീയ പതാക ഉയർത്തിയപ്പോൾ സോഷ്യൽ സയൻസ് അംഗങ്ങൾ ദേശീയ ഗാനവും മറ്റു ദേശഭക്തി ഗാനങ്ങളും ആലപിക്കുകയും ക്ലബംഗങ്ങളായ ലിനിയ.K.R.  നൈജൽ വിനോയി തുടങ്ങിയവർ സംസാരിക്കുകയും ചെയ്തു.

കുട്ടികളിൽ ദേശഭക്തിയും ദേശീയതയും കൂട്ടായ്മയും സാമൂഹ്യാവബോധവും ജ്വലിപ്പിക്കാൻ സോഷ്യൽ സയൻസ് ക്ലബ് എന്നും പ്രതിജ്ഞ ബന്ധമാണ്.